# പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 711 **04.03.2020** ലെ മറുപടിയ്ക്ക്

**<u>ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായം</u>**

| | **<u>ചോദ്യം</u>**<br><br>**ശ്രീ.വി.ഡി.സതീശൻ** | | **<u>മറുപടി</u>**<br>**എ.കെ.ബാലൻ**<br>(പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
|---|---|---|---|
| എ) | ഈ സർക്കാർ നിലവിൽ വന്നശേഷം പട്ടികജാതി, പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായമായി എത്ര തുകയാണ് വിതരണം ചെയ്തത് എന്ന് അറിയിക്കാമോ; | എ) | ഈ സർക്കാർ നിലവിൽ വന്ന ശേഷം പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ക്ഷേമ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നാളിതുവരെ ചികിത്സാ ധനസഹായമായി പട്ടികജാതിയിൽപ്പെട്ട 76344 പേർക്ക് 135,06,02,782/-രൂപയും (നൂറ്റി മുപ്പത്തി അഞ്ച് കോടി ആറ് ലക്ഷത്തി രണ്ടായിരത്തി എഴുന്നൂറ്റി എൺപത്തി രണ്ട് രൂപ മാത്രം) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 55981 പേർക്ക് ചികിത്സാ ധനസഹായമായി 17,46,00,274/-രൂപയും (പതിനേഴ് കോടി നാല്പത്തിയാറു ലക്ഷത്തി ഇരുന്നൂറ്റി എഴുപത്തിനാല് രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത തുക സമയബന്ധിതമായി അർഹതപ്പെട്ടവർക്ക് നൽകുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | | പട്ടികജാതി വിഭാഗത്തിലെ അർഹതപ്പെട്ടവർക്ക് ചികിത്സാ ധനസഹായ തുക ഓൺലൈൻ സംവിധാനം ആയ റ്റി-ഗ്രാൻസ് മുഖേന സമയബന്ധിതമായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നൽകി വരുന്നു.<br>പട്ടികവർഗ്ഗ വിഭാഗത്തിൽ ധനസഹായം അനുവദിച്ച് ഉത്തരവായിട്ടുള്ള ഗുണഭോക്താക്കൾ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് ഐ.എഫ്.എസ്.സി നമ്പർ, മൊബൈൽ നമ്പർ എന്നിവയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ടി ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലെന്നുള്ള സാക്ഷ്യപത്രവും ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കപ്പെട്ട തുക കാലതാമസം കൂടാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്. |

**സെക്ഷൻ ഓഫീസർ**